EWB3/166/2024-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്-ജീവനക്കാര്യം-ശ്രീ .രാജേഷ്. റ്റി.എൻ , ടൗൺ പ്ലാനർ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.2010/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

പരാമർശം:-
1. വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 10.06.2024 ലെ 4857/എസ്റ്റാ2/2023/ജിസിഡിഎ നമ്പർ കത്ത്.
2. 09.07.2024 ലെ സ.ഉ(സാധ) 1255/2024/തസ്വഭവ ഉത്തരവ്.
3. 7/8/2024 തീയതിയിൽ ശ്രീ. രാജേഷ് റ്റി.എൻ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

ശ്രീ.രാജേഷ് റ്റി.എൻ, ടൗൺ പ്ലാനറുടെ വിശാല കൊച്ചി വികസന അതോറിറ്റിയിലെ ഡെപ്യൂട്ടേഷൻ കാലാവധി 11.06.2024 അപരാഹ്നത്തിൽ അവസാനിക്കുന്നതിനാൽ അദ്ദേഹത്തെ വിടുതൽ ചെയ്യുന്നതാണെന്നും ടിയാന് മാതൃവകുപ്പിൽ നിയമനം നൽ കണമെന്നും വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരാമർ ശം (2) -ലെ ഉത്തരവ് പ്രകാരം ശ്രീ. രാജേഷ് റ്റി. എൻ-നെ സീനിയർ ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം നൽകി പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യലയത്തിൽ നിയമിയ്ക്കുകയും 10.07.2024 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

അന്യത്ര സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്ത ശേഷം നിയമന ഉത്തരവ് ലഭ്യമാകുന്നതുവരെയുള്ള കാലാവധി (12.06.2024 മുതൽ 09.07.2024) ഡ്യൂട്ടി ആയി പരിഗണിച്ച്, സാധൂകരണം നൽകി പ്രസ്തുത കാലാവധിയിലെ വേതനവും മറ്റ് അനുകൂല്യവും നൽകി ഉത്തരവാകണമെന്ന് പരാമർശം ( 3 ) പ്രകാരം ശ്രീ.രാജേഷ്. റ്റി.എൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. രാജേഷ് റ്റി.എൻ തന്റെ വിശാല

കൊച്ചി വികസന അതോറിറ്റിയിലെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 11.06.2024 അപരാഹ്നത്തിൽ വിടുതൽ ചെയ്യിരുന്നതും, 12.06.2024 പൂർവാഹ്നത്തിൽ വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്യിരുന്നതുമാണ്. ടിയാൻ നിയമനത്തിനായി കാത്തുനിന്ന കാലയളവിൽ വയനാട് ജില്ലാ ടൗൺ പ്ലാനർ ഡോ. ആതിര രവി 02.05.2024 മുതൽ 09.07.2024 വരെ ലീവിൽ പ്രവേശിച്ചിരുന്ന ഒഴിവ് നിലവിലുണ്ടായിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. രാജേഷ് റ്റി.എൻ, ടൗൺ പ്ലാനർ നിയമനത്തിനായി കാത്തു നിന്ന 12.06.2024 പൂർവാഹ്നം മുതൽ 09.07.2024 അപരാഹ്നം വരെയുള്ള 28 ദിവസ കാലയളവ് കെ.എസ്. ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമവൽക്കരിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, വിജിലൻസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.രാജേഷ്. റ്റി. എൻ, സീനിയർ ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 22-10-2024 11:54:11